പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 3526 21.12.2012- ൽ മറുപടിയ്ക്ക്

## സാമൂഹ്യക്ഷേമ പദ്ധതികൾ

ചോദ്യം

**ശ്രീ. റ്റി.വി. രാജേഷ്**

ഉത്തരം

**ഡോ. എം.കെ. മുനീർ**

( പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| എ) | സാമൂഹ്യക്ഷേമ വകുപ്പിനു കീഴിൽ ഇപ്പോൾ എന്തൊക്കെ ക്ഷേമ പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് ; എത്ര രൂപ വീതമാണ് ക്ഷേമ പെൻഷനുകൾ നൽകുന്നത്; വിശദാംശം നൽകാമോ ; | (എ) | പദ്ധതികൾ അനുബന്ധം I, II ആയി കൊടുത്തിരിക്കുന്നു. അഗതി(വിധവ) പെൻഷൻ, 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നീ പദ്ധതികളിൽ 525/- രൂപാ നിരക്കിലും വികലാംഗ പെൻഷൻ പദ്ധതിയിൽ 80 % ത്തിനു മേൽ വൈകല്യമുള്ളവർക്ക് 700/- രൂപയും മറ്റുള്ളവർക്ക് 525/- രൂപയും ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതിയിൽ 80 വയസ്സിനുമുകളിൽ പ്രായമുള്ള വൃദ്ധജനങ്ങൾക്കുള്ള പെൻഷൻ 900/- രൂപ നിരക്കിലും മറ്റുള്ളവർക്ക് 400/- രൂപാ നിരക്കിലും നൽകി വരുന്നു. പാവപ്പെട്ട വിധവകളുടെ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം ഓരോ കേസിനും 10,000/- രൂപാ നിരക്കിലും നൽകി വരുന്നു. |
| (ബി) | ഇപ്പോൾ ഏതെങ്കിലും ക്ഷേമ പെൻഷനുകൾ നൽകാൻ കുടിശ്ശികയായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ? | (ബി) | 2012-13 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായും അഡീഷണൽ ആതറൈസേഷൻ മുഖേനയും ലഭിച്ച തുക മുഴുവനും പെൻഷൻ വിതരണത്തിനായി ജില്ലാ കളക്ടർമാർക്ക് അനുവദിച്ചു കഴിഞ്ഞു. ഏതെങ്കിലും തദ്ദേശ ഭരണ സ്ഥാപനത്തിൽ കുടിശ്ശികയായിട്ടുണ്ടോ എന്ന വിവരം ശേഖരിച്ച് നൽകുന്നതാണ്. |

R. Vijayan

സെക്ഷൻ ഓഫീസർ